# അവരുടെ സമ്മേളനാനുഭവങ്ങൾ

പാർവതി പവനൻ, അഡ്വ. നൂർബീനാ റഷീദ്, അഡ്വ. കെ.പി മറിയുമ്മ. സമ്മേള നശേഷം മനസ്സു നിറഞ്ഞാണ് അവർ തിരിച്ചുപോയത്. ആവേശത്തോടെ അവർ സമ്മേളനാനുഭവങ്ങൾ പങ്കുവെച്ചു. ഭാരതപ്പുഴയെ സാക്ഷിനിർത്തി സ്ത്രീജനം ഒഴുകിയെത്തുന്നത് കണ്ടു കൺനിറഞ്ഞ സംതൃപ്തിയുണ്ടായിരുന്നു പാർവതി പവനന്റെ ഓരോ വാക്കിലും. ഒറ്റപ്പാലത്തെ കുട്ടിക്കാല ദിനങ്ങളിൽ ഓത്തുപ്പള്ളിക്കൂടത്തിലേക്ക് കൂട്ടത്തോടെ പോയിരുന്ന മുസ്‌ലിം കൂട്ടുകാരികളെ കൗതുകത്തോടെ നോക്കിനിന്ന, അക്ഷരങ്ങളോട് അവർ അകലം പാലിച്ചിരുന്നതിൽ അകമേ സങ്കടപ്പെട്ടിരുന്ന പെൺകുട്ടി, ഇന്ന് മതവിദ്യാഭ്യാസത്തോടൊപ്പം മതപരമായ ചിട്ടകൾ പാലിച്ച് എല്ലാ മേഖലയിലും മുസ്‌ലിം പെൺകുട്ടികൾ ഉയർന്നിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ സന്തോഷത്തിലാണ് സമ്മേളന ശേഷം തിരിച്ചുപോയത്.

"പവനന്റെ മരണശേഷം തളർന്നുപോയ എന്നെ പുതിയ ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്തിയത് *മാധ്യമം* സുഹൃത്തുക്കളാണ്. *മാധ്യമം* കൊച്ചി ബ്യൂറോയിലെ ഗഫൂർ, ആഴ്ചപ്പതിപ്പ് എഡിറ്റർ വി.എ കബീർ അങ്ങനെ മറ്റു പലരും അക്കൂട്ടത്തിലുണ്ട്. സത്യം പറഞ്ഞാൽ ഗഫൂർ ഇപ്പോൾ എനിക്ക് സഹോദരതുല്യനാണ്. അദ്ദേഹം എന്തു പറഞ്ഞാലും നിഷേധിക്കാൻ എനിക്കു കഴിയില്ല. മറ്റൊരാൾ തൃശ്ശൂർ സ്വദേശി അസൂറാ അലിയാണ്. ഇവർ രണ്ടുപേരാണ് ഞാൻ സമ്മേളനത്തിനെത്താൻ കാരണക്കാർ. മറ്റ് അധികം പേരെയൊന്നും എനിക്ക് പരിചയമില്ല. തൃശ്ശൂരിൽ നടന്ന ദിശ എക്സിബിഷനിലും കൊടുങ്ങല്ലൂർ ശാന്തിപുരത്ത് ഒരു മദ്യശാല തുറക്കുന്നതിനെതിരെയുള്ള പ്രക്ഷോഭത്തിലും അതുകൊണ്ട് തന്നെ ഞാൻ പോയിരുന്നു"– പാർവതി പവനൻ പറഞ്ഞു തുടങ്ങി.

"സമ്മേളനനഗരിയിലെത്തിയപ്പോൾ തന്നെ പരിചയപ്പെടാനായി വരുന്ന പെൺകുട്ടികളോട് എന്തുചെയ്യുന്നു എന്ന് ഞാൻ ചോദിച്ചു. അവരിൽ പലരും തങ്ങൾ നേടിയ, പഠിച്ചുകൊണ്ടിരുന്ന ഉന്നത ബിരുദങ്ങളെക്കുറിച്ച് പറഞ്ഞു... ഡോക്ടർ, എഞ്ചി




■ പുസ്തക പ്രകാശന വേളയിൽ പാർവതി പവനൻ



■ 'കിലു കിലൂസ്' സി.ഡി നൂർബീന റഷീദ് പ്രകാശനം ചെയ്യുന്നു

നീയർ, അധ്യാപകർ, പത്രപ്രവർത്തകർ, ഐ.എ.എസിനു തയാറെടുക്കുന്നവർ തുടങ്ങി കേരളത്തിനു വെളിയിൽ പഠിക്കുന്നവർ, പ്രവർത്തിക്കുന്നവർ, സമ്മേളനവേദിയിൽ പരിഭാഷ നിർവഹിച്ചതു പോലും... പത്തുനാൽപ്പതുകൊല്ലങ്ങൾക്കു മുമ്പ് എന്റെ കളിക്കൂട്ടുകാരികളായ മുസ്‌ലിം സഹോദരിമാർക്ക് അജ്ഞാതമായ ലോകത്ത് ഇന്ന് അവരുടെ പെൺമക്കൾ വഴി തിളങ്ങിനിൽക്കുന്നു എന്നറിഞ്ഞപ്പോൾ എന്റെ മനസ്സിനുണ്ടായ കുളിർമ വാക്കുകളിലൂടെ വർണിക്കാനാകുന്നില്ല" –പാർവതി പവനൻ പറയുന്നു.

സ്വന്തം ഇഛാശക്തിയാൽ തന്റെ വ്യക്തിത്വം ഉയർത്തി പിടിച്ച് സമൂഹത്തിലിറങ്ങുന്ന സ്ത്രീസാന്നിധ്യമാണ് വനിതാ ലീഗിന്റെ സെക്രട്ടറി നൂർബീനാ റഷീദ്. സമ്മേളനത്തിന്റെ സംഘാടന മികവിനെയാണ് അവർ ആദ്യം പ്രശംസിച്ചത്.

"സ്ത്രീസംഘടനകൾ നന്നായി പരിശ്രമിച്ചാൽ അതിന്റെ ഫലം കാണും. സമ്മേളനങ്ങൾ സംഘടിപ്പിക്കലല്ല ലക്ഷ്യം. സദസ്സിൽ ഒരു മാറ്റം ഉണ്ടാക്കാൻ കഴിയണം. പീഡനങ്ങൾക്കെതിരെ, ചൂഷണങ്ങൾക്കെതിരെ മതിലുകൾ തീർക്കുന്ന സ്ത്രീശക്തി ഉയർന്നു വരട്ടെ. അത്തരം തുടർചലനങ്ങളാകട്ടെ സമ്മേളനത്തിന്റെ ബാക്കിപത്രം."

അഡ്വ. കെ. പി മറിയുമ്മ സമ്മേളന വിജയത്തിന്റെ ക്രെഡിറ്റ് പ്രസ്ഥാനത്തിലെ പുരുഷന്മാർക്കാണ് നൽകിയത്. പ്രസ്ഥാനത്തിലെയും കുടുംബത്തിലെയും പുരുഷന്മാരുടെ മാനസികമായ പിന്തുണയും അധ്വാനവും ലഭിച്ചതുകൊണ്ട് തന്നെയാണ് സമ്മേളനം ഇത്ര വിജയമായതെന്ന് അവർ നിരീക്ഷിക്കുന്നു. "സ്ത്രീകളെ വിടാൻ തയാറുള്ള, അവരെ കൊണ്ടുപോകാനും കൊണ്ടുവരാനും സന്മനസ്സുള്ള പുരുഷസമൂഹം ഉണ്ടായതുകൊണ്ടാണ് ഈ വിജയം നേടാൻ സ്ത്രീകൾക്കായത്. കാരണം അവളുടെ മുമ്പിൽ പരിമിതികൾ ഏറെയാണല്ലോ. ആ ഒരു മാനസിക പിന്തുണ. അതാണ് സമ്മേളനത്തിന്റെ വിജയം. പിന്നെ സ്ത്രീകളുടെ കൂട്ടായ പ്രവർത്തനം, അധ്വാനം. അടിത്തട്ടിലിറങ്ങിത്തന്നെ പ്രവർത്തനം നടത്തിയിട്ടുണ്ട്. അതിന്റെ ഫല

മായി മനസ്സുകളിൽ മാറ്റം വന്നിട്ടുണ്ട്"– അവർ പറഞ്ഞു.

സമ്മേളനത്തിന്റെ അച്ചടക്കത്തെ അവർ മുക്തകണ്ഠം പ്രശംസിച്ചു. "ഒരു ജാഥ നടക്കുമ്പോഴേക്കും അനങ്ങാനും തിരിയാനും വയ്യാതെ ജനങ്ങളും വാഹനങ്ങളും നട്ടം തിരിയുന്ന നാട്ടിൽ ഇത്രയും ജനങ്ങൾ തടിച്ചുകൂടിയിട്ടും വാഹനങ്ങൾ നിറഞ്ഞിട്ടും എവിടെയും ബ്ലോക്കായില്ല. ആരുടെയും സഞ്ചാരസ്വാതന്ത്ര്യം തടയപ്പെട്ടില്ല. വളണ്ടിയർമാർ അത്രയും ജാഗരൂകരായിരുന്നു. സത്യത്തിൽ കുറ്റം പറയാൻ ഒന്നുമില്ല." അവർ പറഞ്ഞു നിർത്തി. ■

**ഖാസിദ കലാം**

# തൊണ്ണൂറിലും ആവേശം വിടാതെ ഫാത്വിമ സാഹിബ



കുറ്റിപ്പുറം സ്വഫാനഗറിൽ ചരിത്ര വിസ്മയം തീർത്ത് സ്ത്രീകൾ ഒഴുകിയെത്തിയപ്പോൾ കാലം സമ്മാനിച്ച വാർധക്യത്തിന്റെ അവശത വകവെക്കാതെ വന്നതാണ് തൊണ്ണൂറ്റിയൊന്നിലെത്തിയ ഫാത്വിമ സാഹിബ.

ഹാജി വി.പി മുഹമ്മദലി സാഹിബിന്റെ പെങ്ങൾക്ക് ആ അനർഘ നിമിഷങ്ങളെ തൊട്ടറിയണം. തന്റെ അണയാത്ത പ്രസ്ഥാന കൂറ് അറിയിക്കണം. അതവരുടെ വാശിയാണ്. അതുകൊണ്ടാണ് മക്കളുടെ സ്നേഹപൂർവമുള്ള വിലക്ക് മറികടന്ന് പേരക്കുട്ടിയുടെ താങ്ങിൽ വടിയും കുത്തിപ്പിടിച്ച് അവർ വന്നത്.

കേരളമണ്ണിൽ ജമാഅത്തെ ഇസ്‌ലാമിയുടെ വിത്തെറിഞ്ഞ് മുളപ്പിച്ച സഹോദരനെ കൂടുതൽ ഓർത്തെടുക്കാൻ അവർക്കാവുന്നില്ലെങ്കിലും ആ പ്രസ്ഥാനം അജയ്യത തെളിയിച്ച് മുന്നേറുമ്പോൾ അദ്ദേഹത്തിന്റെ പെങ്ങളെങ്ങനെ വാർധ്യക്യത്തിന്റെ ക്രീഡകളിൽ ഒളിക്കും? അദ്ദേഹം പ്രസ്ഥാനത്തിന് വേണ്ടി കരുതിവെച്ച വീറും വാശിയും തന്നെയാണ് പെങ്ങളുടെ ഉള്ളിലുമുള്ളത്. അതുകൊണ്ട് തന്നെയാണവർ തൊണ്ണൂറ്റി ഒന്നാം വയസ്സിലും സ്വഫാ നഗരിയിലെത്തിയത്.

"പോക്കു ആമുട്ടി എന്ന പണ്ഡിതനാണെന്റെ വാപ്പ. സ്കൂളിൽ പോയിട്ടില്ലെങ്കിലും വാപ്പ തന്നെയാണ് ദീനികാര്യങ്ങൾ പഠിപ്പിച്ചത്. *പ്രബോധ*വും *ആരാമ*വും *മാധ്യമ*വും ഒക്കെ ഞാൻ വായിക്കും. ഹൽഖാ യോഗങ്ങളിൽ കഴിയുന്നത്ര പങ്കെടുക്കാറുണ്ട്. അതുകൊണ്ട് സമ്മേളനത്തിന് വരണമെന്ന് വല്ലാത്ത പൂതിയാ."

പ്രസ്ഥാനത്തോടുള്ള ആത്മബന്ധത്തെക്കുറിച്ച് അവർ വാചാലയായി. "മുമ്പൊന്നും ഞങ്ങൾക്ക് വേണ്ടി മാത്രമായി ഒരു സമ്മേളനം നടത്തിയിട്ടില്ലെങ്കിലും ആണുങ്ങളൊക്കെ സമ്മേളനം നടത്തിയത് ഞങ്ങളുടെ സഹായം കൊണ്ടാണ്". അഭിമാനത്തോടെ ഇത് പറയുന്ന അവർക്കെങ്ങനെ സ്ത്രീകൾക്കായി ഒരു സമ്മേളനം നടക്കുമ്പോൾ വീട്ടിലിരിക്കാൻ കഴിയും!

സമ്മേളനത്തിന്റെ അന്ന് പോയാൽ തന്നെക്കൊണ്ട് മറ്റുള്ളവർക്ക് ബുദ്ധിമുട്ടായാലോ? അതുകാരണം സമ്മേളനം അലങ്കോലപ്പെടാൻ ഇടയാകുമോ? അവർക്കാശങ്കയായിരുന്നു. അങ്ങനെയാണവർ സമ്മേളന നഗരിയിൽ തലേന്ന് എത്തിയത്. ഉച്ചക്ക് പേരക്കുട്ടികളുടെ താങ്ങിൽ വടികുത്തിപ്പിടിച്ച് വന്ന അവർ രാത്രി വരെ അവിടെ

ചെലവഴിച്ചു. നഗരി കണ്ടപ്പോൾ തന്നെ അവർ ഉറപ്പിച്ചിരുന്നു, സമ്മേളനം ഉഷാറാകുമെന്ന്! "സ്ത്രീശാക്തീകരണ പ്രസംഗം ഞാൻ അവിടന്ന് കേട്ടിട്ടില്ല. എന്നാലും എനിക്കറിയാം, ഉഷാറാകുമെന്ന്. എന്താ എല്ലായിടത്തും നമ്മുടെ പെൺകുട്ട്യാള് തന്ന്യാല്ലേ. ജമാഅത്തിന്റേതല്ലേ, ഇസ്‌ലാമിന് വേണ്ടിയല്ലേ അവര് പണിയെടുക്കുന്നേ. അമീറിന്റെ പ്രസംഗം ഞാൻ ടീവീല് കണ്ടു. പെണ്ണുങ്ങൾ നടത്തിയാൽ എന്തും നടക്കും." ആവേശം വറ്റാത്ത പെൺകരുത്തിന്റെ മനസ്സുതുറക്കലാണിത്. വർഷങ്ങൾക്കുമുമ്പ് ഹജ്ജിനുപോയ ഓർമകൾ മനസ്സിൽ തികട്ടിവരികയാണവർക്ക്. "പതിമൂന്ന് കൊല്ലം മുമ്പാ ഞാൻ ഹജ്ജിനുപോയത്. അന്ന് ഭാഗ്യം കൊണ്ടാ രക്ഷപ്പെട്ടത്. അന്നാ അവിടെ തീപ്പിടുത്തം ഉണ്ടായത്. അതിനുശേഷം ഇപ്പഴാ ഇത്രയും വലിയ ജനക്കൂട്ടത്തെ കാണുന്നത്."

സമ്മേളന നഗരിയൊക്കെ ചുറ്റിക്കണ്ട് മുൻകാലനേതാക്കന്മാരെയും ഇന്നത്തെ പുതിയതലമുറ നേതാക്കന്മാരെയും നേരിൽ കാണാനും സൗഹൃദം പങ്കുവെക്കാനും കൂടെയിരുന്ന് ഫോട്ടോയെടുക്കാനും ഒക്കെ സാധിച്ചത് സന്തോഷത്തോടെ പറയുമ്പോൾ, ചെറുതായി അലോസരപ്പെടുത്തുന്ന കേൾവിക്കുറവും പ്രമേഹവും വാർധക്യത്തിന്റെ പതർച്ചയും തളർച്ചയുമൊന്നും വാക്കുകളിലില്ല.

മുപ്പതു വർഷം മുമ്പ് ഭർത്താവ് മരണപ്പെട്ട അവർ വാർധക്യത്തെ സാർഥകമാക്കി ജീവിക്കുമ്പോൾ മനസ്സിൽ തികട്ടിവന്ന ഒരു ചോദ്യം വെറുതെ ചോദിച്ചു: "പെണ്ണുങ്ങൾ ഒറ്റക്കൊരു സമ്മേളനം നടത്തുമ്പോൾ അവരുടെ കൂടെ കൂടി എന്തെങ്കിലും ചെയ്യാൻ തോന്നിയോ?" "എനിക്ക് ചെറുപ്പമായിരുന്നെങ്കിൽ ആ കാളുന്ന വെയിൽ മറക്കാൻ ഓല മടഞ്ഞ്‌വെക്കുമായിരുന്നു" എന്നാണ് പൊടുന്നനെ കിട്ടിയ ഉത്തരം. വളാഞ്ചേരിയിൽ നിന്നും രണ്ട് ഫർലോംഗ് മാറി മൂചിക്കൽ റോഡിൽ സൽമാമൻസിലിൽ സന്തുഷ്ട ജീവിതം നയിക്കുന്ന അവർക്ക് വാർധക്യത്തെ അടുപ്പിക്കാൻ ഇനിയും മനസ്സ് വരുന്നില്ല.

പുലർച്ചെ മൂന്നിനുണർന്ന് നമസ്കാരവും ഖുർആൻ പാരായണവും കഴിഞ്ഞാൽ പിന്നെ വിസ്തരിച്ച് പത്രം വായിച്ച് പറമ്പിലേക്കിറങ്ങുന്ന അവർക്ക് പിന്നീടുള്ള പണി ഓലമെടയലും ചൂലുകെട്ടലും മുറ്റത്തെ പുല്ല് പറിക്കലുമൊക്കെ തന്നെയാണ്. കുളിക്കുന്നതിനുമുമ്പേ ശരീരത്തിൽ ചേറ് പുരളണം എന്നാണവരുടെ നയം. ഇങ്ങനെ ചെയ്യുന്ന പണികളിലേതെങ്കിലുമൊന്ന് സമ്മേളന നഗരിയിൽ ചെയ്യാൻ പോലും അവർ തയാറാണെന്ന് ആവേശത്തോടെ പറയുന്നു.

**ഫൗസിയ ഷംസ്**

# മുളച്ചീന്തിൽ ആകാശം മുട്ടെ

സ്ത്രീയുടെ മൊത്തം കർമശേഷിയും വിനിയോഗിച്ചൊരു സമ്മേളനം. അതാണ് നിളാതീരത്ത് കണ്ടത്. സമ്മേളന നഗരിയുടെ സുരക്ഷാ ചുമതല, വിഡിയോ ഗ്രാഫി, കുടിവെള്ള സജ്ജീകരണം, ഭക്ഷണ വിതരണം, മീഡിയാ മൈക്ക് ഓപറേറ്റിംഗ്, അനൗൺസ്മെന്റ്, ഗതാഗത നിയന്ത്രണം തുടങ്ങി എന്തും സ്ത്രീകൾ സ്വയം ഏറ്റെടുത്ത് നടത്തിയ കാഴ്ചയായിരുന്നു എവിടെയും.

ടവറിലെ സെക്യൂരിറ്റിയും സ്ത്രീകൾതന്നെ ഏറ്റെടുത്തു. രണ്ട് ടവറുകളിലായി രണ്ട് ബാച്ചായി നാലുസ്ത്രീകൾ വീതമായിരുന്നു ആ ചുമതല നിർവഹിച്ചിരുന്നത്. മുള ചീന്തിക്കെട്ടി ടവറിന്റെ മുകളിൽ പർദയിട്ട് കയറി സമ്മേളന നഗരി ഒന്നാകെ വീക്ഷിക്കുകയാണ് സക്കീനയും പാർട്ടിയും. ഐ.ആർ.ഡബ്ലിയു പ്രവർത്തകരായ



സക്കീനയെയും കൂട്ടുകാരെയും വളണ്ടിയർ തെരഞ്ഞെടുപ്പിൽ 'നിങ്ങൾക്ക് പറ്റിയ പണിയുണ്ട്' എന്ന് പറഞ്ഞ് മാറ്റിനിർത്തിയിരുന്നു. ആ പണിയാണവർ സമ്മേളന നഗരിയിൽ വളരെ ഭംഗിയായി ചെയ്തത്.

"മുള ചീന്തിക്കെട്ടിയ ഒരു കെട്ടിടത്തോളം ഉയരമുള്ള ഏണി കയറുമ്പോൾ പേടിയായിരുന്നു. മുള ആടുകയാണ്. പർദയിട്ടുകൊണ്ട് എങ്ങനെയീ പണി ചെയ്യും! പക്ഷേ കയറിയപ്പോൾ വളരെ രസം തോന്നി. ശക്തിയുള്ള ബൈനോകുലർ പിടിച്ച് സമ്മേളന നഗരി ഒന്നായി കാണുകയാണ്.'' അസ്മയും നജ്മുന്നീസയും ഷാക്കിറയും ഫാഇസയും ചെയ്ത പണിയുടെ സായൂജ്യം സക്കീനയുടെ വാക്കുകളിലൂടെ പുറത്തു വന്നു. അവർക്കവിടെ എല്ലാം വ്യക്തമായി കാണാമായിരുന്നു. വാഹനങ്ങൾ വരുന്നതും സമ്മേളന നഗരിയിൽ ജനസാഗരമാകുന്നതും. "അടിച്ചു വാരലും വൃത്തിയാക്കലും അടുക്കള പണിയും മാത്രം ചെയ്ത ഞങ്ങൾ ബൈനോകുലറുമേന്തി ആകാശംമുട്ടെ കയറിയപ്പോൾ എന്തൊരഭിമാനം!" ■

**ഫൗസിയ ഷംസ്**